# രണ്ട് രൂപക്ക് അരി

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

30.04.2009

ഇടുതപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റിട്ട് മെയ് 17 ന് മൂന്ന് വർഷം തികയുകയാണ്. വികസന-ക്ഷേമരംഗങ്ങളിലെ അഭൂതപൂർവമായ നേട്ടങ്ങളോടെ, തികഞ്ഞ അഭിമാനത്തോടെയാണ് നാലാം വർഷത്തിലേക്ക് കടക്കുന്നത്. മൂന്നാം വാർഷികത്തിന്റെ ഭാഗമായി വികസന-ക്ഷേമരംഗങ്ങളിൽ പുതിയ നിരവധി പദ്ധതികൾ നടപ്പാക്കുകയാണ്. കഴിഞ്ഞ മാസം അംഗീകരിച്ച ബജറ്റിൽ അതിന്റെ രൂപരേഖയുണ്ട്.

അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാവപ്പെട്ടവർക്ക് റേഷനരിയും ഗോതമ്പും കിലോവിന് രണ്ട് രൂപ തോതിൽ ലഭ്യമാക്കുക എന്നത്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി രേഖാമൂലം നേടിയശേഷം, ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗം അതിന് തീരുമാനമെടുത്തിരിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് റേഷനരി കിലോവിന് മൂന്ന് രൂപയ്ക്ക് വിതരണം ചെയ്തുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷവും രാജ്യത്തിനാകെ മാതൃക കാട്ടാൻ കേരളത്തിന് കഴിഞ്ഞു. ആവശ്യമായ അരിയുടെ അഞ്ചിൽ നാല് ഭാഗത്തിനും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ദുർഭിക്ഷ സംസ്ഥാനമാണ് കേരളം. എന്നിട്ടും പ്രതിമാസം പത്ത് കോടി രൂപ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് മൂന്ന് രൂപയ്ക്ക് അരി നൽകാൻ കഴിഞ്ഞു.

ഇപ്പോഴിതാ പാവപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും രണ്ട് രൂപക്ക് അരി ലഭ്യമാക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നാലാം വർഷത്തിലേക്ക് കടക്കുന്ന മെയ് 18 ന് അതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടക്കും. പിറ്റേന്ന് മറ്റെല്ലാ ജില്ലയിലും മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ഉദ്ഘാടന ചടങ്ങ് നടക്കും.

ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമല്ല ഇങ്ങനെ ഈ അരിയും ഗോതമ്പും തുച്ഛവിലയ്ക്ക് നൽകുന്നത്. നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ, ആശ്രയ പദ്ധതിയിൽപ്പെട്ട കുടുംബങ്ങൾ എന്നിവരെയെല്ലാം പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങൾ പതിനഞ്ച് ലക്ഷത്തിൽ താഴെയാണ്. എന്നാൽ മറ്റൊരു അഞ്ച് ലക്ഷത്തിൽപ്പരം ദരിദ്രകുടുംബങ്ങൾകൂടി

സംസ്ഥാനത്തെ ദാരിദ്രരേഖാ പരിധിയിൽ വരുന്നു. അങ്ങനെ ഇരുപത് ലക്ഷത്തിൽപ്പരം ബി.പി.എൽ. കുടുംബങ്ങൾ, നിലവിൽ അതിൽ ഉൾപ്പെടാത്തതും എ.പി.എൽ. കാർഡുള്ള വരുമായ എസ്.സി., എസ്.ടി. മത്സ്യത്തൊഴിലാളി തുടങ്ങിയ വിഭാഗത്തിൽപ്പെട്ട അഞ്ച് ലക്ഷത്തിൽപ്പരം കുടുംബങ്ങളെയും കൂടി ഉൾപ്പെടുത്തിയാണ് രണ്ട് രുപ നിരക്കിൽ അരി നൽകുന്നത്.

എ.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 25 കിലോ അരിയാണ് രണ്ട് രൂപ നിരക്കിൽ നൽകുക. മൂന്ന് രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് പ്രതിവർഷം 120 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് സബ്സിഡിയായി നൽകുന്നത്. ഭക്ഷ്യധാന്യങ്ങ ളുടെ നിരക്ക് രണ്ട് രൂപയായി കുറയ്ക്കുകയും പുതുതായി ആറ് ലക്ഷത്തോളം കുടുംബ ങ്ങളെ കൂടി ഉൾപ്പെടുത്തുകയും ചെയ്യുമ്പോൾ നൂറ്റിപ്പത്ത് കോടി രൂപ കൂടി സബ്സിഡി ഇനത്തിൽ ആവശ്യമായി വരും. അതായത് പാവപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ ഭക്ഷ്യധാ ന്യങ്ങൾ നൽകുന്നതിന് 230 കോടി രൂപ ഈ വർഷം സബ്സിഡിയായി നൽകുകയാണ്. അതിന് പുറമെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആയിരത്തഞ്ഞൂറിൽപ്പരം വില്പനശാലകൾ വഴിയും കൺസ്യൂമർ ഫെഡിന്റെ നൂറുകണക്കിന് വില്പനശാലകൾ വഴിയും കിലോവിന് 14 രൂപ തോതിൽ പുഴുങ്ങലരിയും 13.50 ന് പച്ചരിയും നൽകുന്നത്. കോടിക്കണക്കിനു രൂപ ആയിനത്തിലും സബ്സിഡിയായി നൽകുന്നു. മറ്റ് നിത്യോപ യോഗ സാധനങ്ങളുടെ വില വർധന തടയുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന വിപണി ഇടപെടലും അഭൂതപൂർവവും മാതൃകാപരവുമാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ട കാര്യ മാണ്. ഇതോടൊപ്പംതന്നെ പെൻഷൻ തീയതി ഏകീകരണവും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മൂന്നാം വാർഷികവേളയിൽ നടപ്പായിരിക്കുന്നു. അധ്യാപകരുടെ പെൻഷൻ തീയതി ഏകീകരണം മൂന്ന് പതിറ്റാണ്ടോളമായി നിലവിലുള്ളതാണ്. വിദ്യാ ഭ്യാസ വർഷത്തിന്റെ അവസാന ദിവസമാണ് അധ്യാപകർ വിരമിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസവുമാണത്. ആ രീതിയിൽ എന്നാൽ ജീവനക്കാർക്കും ഗവൺമെന്റിനും കൂടുതൽ പ്രയോജനകരമായ രീതിയിൽ പെൻഷൻ ദിനം ഏകീകരിക്കു കയാണിപ്പോൾ ചെയ്തിരിക്കുന്നത്. ആരുടെയും പ്രമോഷനെയോ സാമ്പത്തികാനുകൂല്യ ത്തെയോ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ഈ ഏകീകരണം നടപ്പാക്കുകയാ ണ്. ഏതിനെയും വിമർശിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ചിലർ അതിലും കുറ്റം കണ്ടുപിടിക്കാൻ വ്യഗ്രത കാട്ടുന്നുണ്ട്. എന്നാൽ ആശങ്കകൾക്ക് യാതൊരു സ്ഥാന വുമില്ലെന്ന് സർക്കാർ അർഥശങ്കക്കിടയില്ലാതെ വ്യക്തമാക്കിയിട്ടുള്ളതാണ്. പെൻഷൻ ദിവസം ഏകീകരിക്കുന്നതിന്റെ ഭാഗമായി നിയമനനിരോധനം ഉണ്ടാകില്ല. നിലവിൽ റിട്ട യർമെന്റ് വരുന്ന തീയതി അടിസ്ഥാനമാക്കി എൻട്രി കേഡറിൽ തസ്തികസൃഷ്ടിച്ച് നിയ മനം നടത്തും. ഈ സാമ്പത്തിക വർഷം തന്നെ അങ്ങനെ പതിമൂവായിരത്തോളം തസ്തിക സൃഷ്ടിക്കപ്പെടും. തീയതി ഏകീകരണത്തിന്റെ ഭാഗമായി അധികമായി ലഭി

ക്കുന്ന സർവീസ്, പെൻഷനും ഗ്രേഡിനും മറ്റ് ആനുകുല്യങ്ങൾക്കുമെല്ലാം കണക്കിലെടുക്കുകയും ചെയ്യും. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഏറെ പ്രയോജനകരമാവും ഇത്. ജീവനക്കാരികളുടെ പ്രസവാവധി നാലര മാസത്തിൽ നിന്നും ആറ് മാസമായി വർധിപ്പിച്ചുകൊണ്ടുള്ള തീരുമാനവും സർക്കാർ മൂന്നുവർഷം തികയ്ക്കുന്ന ഘട്ടത്തിൽത്തന്നെ നടപ്പായിരിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽനിന്നും ആയിരക്കണക്കിനു പ്രവാസി മലയാളികളാണ് തിരിച്ചുവന്നുകൊണ്ടിരിക്കുന്നത്. തിരിച്ചുവരുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് കഴിയാവുന്നതെല്ലാം ചെയ്യാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. തിരിച്ചു വരുന്നവർ പേര് രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. നോർക്ക അതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് വർഷമെങ്കിലും തികയാതെ തിരിച്ചുവരുന്നവർക്ക് സഹായം നൽകുന്നതിന് പ്രവാസി ക്ഷേമനിധിയിലേക്ക് പത്ത് കോടി രൂപ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. തിരിച്ചുവരുന്നവരുടെ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം ലഭ്യമാക്കേണ്ട പ്രശ്നമുണ്ട്. അതിന് പരിഹാരം കാണാൻ സത്വരനടപടി ആരംഭിച്ചിരിക്കുന്നു. പ്രവാസി മലയാളി പുനരധിവാസത്തിനായി കെ.എഫ്.സി. മുഖേന ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുമുണ്ട്.

മുപ്പത് ലക്ഷത്തിലേറെപേർ അംഗങ്ങളാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഏറ്റവും വലിയ ക്ഷേമനിധി പ്രസ്ഥാനം - പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനവും ആരംഭിക്കാൻ കഴിഞ്ഞിരിക്കുന്നു. നാലാം വർഷത്തിൽ അത് പൂർണമായും പ്രവർത്തനക്ഷമമാവുകയും വിവിധങ്ങളായ ആനുകൂല്യങ്ങൾ നൽകി തുടങ്ങാൻ കഴിയുകയും ചെയ്യും.

മെയ് 18 ന് ആരംഭിക്കുന്ന വാർഷിക പരിപാടികളും അതോടനുബന്ധിച്ച് തുടക്കം കുറിക്കപ്പെടുന്ന വികസന-ക്ഷേമപ്രവർത്തനങ്ങളും വൻവിജയമാക്കാൻ എല്ലാവരുടെയും സഹകരണമുണ്ടാകണം.